## കത്തുകൾ/പ്രതികരണങ്ങൾ

കേരളീയം, കൊക്കാലെ, തൃശൂർ-680021
e-mail: mailkeraleeyam@gmail.com, 0487 2421385

# മാമ്പഴച്ചാർ കമ്പനി കാതിക്കുടത്തേക്കും വരുമോ?

കേരളീയം 2013 ജൂൺ ലക്കത്തിൽ പി.എം. ജയൻ എഴുതിയ മുഖ്യധാരാ രാഷ്ട്രീയകക്ഷികളുടെ പ്ലാച്ചിമടയിലെ ഇടപെടലുകളെക്കുറിച്ചുള്ള കുറിപ്പ് വായിച്ചു. പ്ലാച്ചിമട സമരത്തിനൊപ്പമുണ്ടെന്ന് ലോകമെമ്പാടും പറഞ്ഞുനടന്ന എം.പി. വീരേന്ദ്രകുമാർ സമരത്തിനോട് ചെയ്ത ചതികൾ പലതും തന്റെ പാർട്ടിയിലെ ഉൾപ്പോരിന്റെ ഭാഗമായി പുറത്തുവന്നതുകൊണ്ട് മാത്രമാണ് പൊതുസമൂഹത്തിന് അറിയാൻ കഴിഞ്ഞത്. അതറിഞ്ഞിട്ട് ഏറെനാൾ കഴിയുന്നതിന് മുമ്പാണ് വീരേന്ദ്രകുമാർ വീണ്ടും മറ്റൊരു ജനകീയ സമരത്തെ പിന്തുണച്ചുകൊണ്ട് സ്വന്തം പത്രമായ മാതൃഭൂമിയിൽ വലിയ ലേഖന പരമ്പരയുമായി രംഗത്തെത്തിയത്. അടുത്തിടെ പോലീസ് വേട്ടയ്ക്ക് ഇരയാകേണ്ടിവന്ന കാതിക്കുടം സമരത്തോടായിരുന്നു ഇത്തവണ അദ്ദേഹത്തിന്റെ ഐക്യദാർഢ്യം. നിഷ്ഠൂരമായ പോലീസ് ഇടപെടലിനെ തുടർന്ന് അദ്ദേഹം മാതൃഭൂമിയുടെ എഡിറ്റ് പേജിലെഴുതിയ ആ ലേഖനം കാതിക്കുടം സമരത്തെ ജനശ്രദ്ധയിലെത്തിക്കുന്നതിൽ സഹായകമായിട്ടുണ്ട്. എങ്കിലും പ്ലാച്ചിമടയിലെ വീരേന്ദ്രകുമാറിന്റെ മറ്റൊരു മുഖം വെളിപ്പെട്ട കാലത്ത് തന്നെ അദ്ദേഹം കാതിക്കുടത്തോട് കാണിക്കുന്ന ഈ ഐക്യദാർഢ്യം എന്നെ അൽപ്പം ആശങ്കപ്പെടുത്തുന്നുണ്ട്. പ്ലാച്ചിമടയുടെ കാര്യത്തിലുണ്ടായ അപവാദം തുടച്ചുമാറ്റാനുള്ള ഒരവസരം മാത്രമായിട്ടാകാം അദ്ദേഹം ഇതിനെ കാണുന്നത്. എന്നാൽ കാതിക്കുടത്തേക്കും നാളെ 'മാമ്പഴച്ചാർ ഫാക്ടറി' വരാതിരിക്കാൻ സമരപ്രവർത്തകർ കരുതലോടെ ഇരിക്കേണ്ടതുണ്ട്. പ്ലാച്ചിമടയിൽ കൃഷ്ണൻകുട്ടി ചെയ്തതുപോലെയുള്ള ഇടനില പ്രവർത്തനങ്ങൾ നടത്താനാവശ്യമായ രാഷ്ട്രീയക്കാർ കാതിക്കുടത്തും വീരന് ലഭ്യമാണ്, പാർട്ടി വേറെയാണെങ്കിലും.

പ്ലാച്ചിമട സമരത്തെ, കൊക്കക്കോളയ്ക്കെതിരെ കടുത്ത നിയമ നടപടികൾ ഉണ്ടാകുമായിരുന്ന മലിനീകരണ പ്രശ്നത്തിൽ നിന്നും കേവലം ജലചൂഷണം മാത്രമായി ചുരുക്കാൻ വീരേന്ദ്രകുമാറിന്റെ ഇടപെടലുകൾ കാരണമായിട്ടുണ്ടെന്ന് ഒരു സുഹൃത്ത് പറയാറുണ്ട്. കാതിക്കുടത്തിന് പ്ലാച്ചിമടയുമായി ഏറെ സമാനതകളുണ്ടെന്ന് പറഞ്ഞുകൊണ്ടാണ് വീരൻ മാതൃഭൂമി ലേഖനം ചുരുക്കിയിരിക്കുന്നത്!. എന്തായാലും ജനകീയ സമരങ്ങൾക്ക് നേർക്കുള്ള മുഖ്യധാരാ രാഷ്ട്രീയപാർട്ടികളുടെ ഈ സഹായഹസ്തങ്ങളെ അവർ ഇനിയുള്ള കാലം ശ്രദ്ധയോടെ സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കാം.

**ജോൺസി മറ്റത്തിൽ**, പ്രവിത്താനം, കോട്ടയം

## കണ്ടത് പറയാം

**ഡേവിസ് വളർക്കാവ്** എഴുതുന്ന പംക്തി

# മുസ്ലീങ്ങളുടെ പ്രത്യേക ശ്രദ്ധയ്ക്ക്

ഇസ്ലാം മതവിശ്വാസികൾ റംസാൻ വൃതാനുഷ്ഠാന നാളുകളിലാണല്ലോ. ആത്മീയത, മഹത്വം, ത്യാഗശീലം, പ്രാർത്ഥനാ നിർഭരമായ മനഃശുദ്ധി ഇവയെല്ലാം നോമ്പിന്റെ സത്ഫലങ്ങളാണ്. എന്നാൽ നോമ്പുകാല ഭക്ഷണരീതിയെക്കുറിച്ച് പ്രചരിക്കുന്നത് അത്ര മഹത്വമുള്ള കാര്യങ്ങളല്ല. അത് ഒരു കോക്കസ് ഒരുക്കുന്ന കെണിയാണ്. പുരോഹിതരും പണ്ഡിതന്മാരും ഡോക്ടർമാരും പ്രസിദ്ധീകരണങ്ങളുമാണ് അതിന് പിന്നിൽ. നോമ്പുകാല വിശേഷാൽപ്പതിപ്പുകൾ, ഭക്ഷണക്കൂട്ടുകൾ, പാചകവിധികൾ ഇങ്ങനെയിങ്ങനെ പോകുന്നു മഹത്വ വർണ്ണനകൾ. നോമ്പുകാലത്ത് കഴിക്കുന്ന ഭക്ഷണത്തിന്റെ ദോഷങ്ങൾ ചിലരിൽ ഉടനെയും ചിലർക്ക് മാസങ്ങൾക്ക് ശേഷവും മറ്റു ചിലരിൽ വർഷങ്ങൾ കഴിഞ്ഞും പ്രത്യക്ഷപ്പെടാറുണ്ട്.

മനുഷ്യൻ സ്വതവെ രാത്രിയിൽ കണ്ണുകാണുന്ന, ഇരതേടുന്ന, ഭക്ഷിക്കുന്ന, അധ്വാനിക്കുന്ന ജീവിയല്ല. ഭൂമിയിൽ എവിടെയും ഇത് ബാധകമാണ്. ഇതിൽ നിന്നാണ് സാധാരണ ജീവിതശൈലി രൂപപ്പെട്ടത്. ഉദയാസ്തമയങ്ങൾക്കിടയിലാണ് ജീവിതവൃത്തികൾ അധികവും. ഭക്ഷണ സമയക്രമീകരണവും ഇങ്ങനെതന്നെയാണ്. അതിനാൽ അസമയത്ത് ഭക്ഷണം കഴിക്കുന്നവരിൽ ദഹന-സ്വാംശീകരണ-വിസർജ്ജന പ്രവർത്തികൾക്ക് ഭംഗം വരുന്നു. ജനനം മുതൽ ആയുഷ്കാലം വരെയുള്ള ജീവിതശൈലിയെ ചെറിയൊരിടവേളയിൽ മാറ്റിമറിച്ചാൽ അതിനോടിണങ്ങാൻ ആന്തരികാവയവങ്ങൾക്ക് കഴിയില്ല. പ്രാർത്ഥന നൽകുന്ന ആത്മീയ നിറവുകൊണ്ടാണ് പലർക്കും ഈ ശരീരദോഷത്തെ തടയാനാകുന്നത്. രാത്രിയിലെ നീണ്ടയാമങ്ങളിലെ ആഹാരരീതികൾ പിന്നീട് വില്ലനായി മാറും. നോമ്പുകാലത്ത്, ഭക്ഷണം കഴിച്ച് വീണ്ടും ഭക്ഷണത്തിലേക്ക് വരുന്ന ഇടവേളകൾ പ്രശ്നകാരിയല്ല. എന്നാൽ കഴിക്കുന്ന ഭക്ഷണത്തിന്റെ അളവ്, ചേരുവ, പാചകം, മുൻഗണന ഇവയൊന്നും ഒട്ടും സാത്വികമല്ലെന്ന് വിനയത്തോടെ പറയട്ടെ. അതുപോലെ നോമ്പുതുറ വേളയിൽ ഭക്ഷിക്കുന്നത് തണുപ്പും മഴയും നിറഞ്ഞ കേരളത്തിലെ കാലാവസ്ഥയ്ക്ക് ഇണങ്ങിയ ഒരു സായാഹ്ന ഭക്ഷണമല്ല. ശരീരത്തെ അറിഞ്ഞോ അറിയാതെയോ ദ്രോഹിച്ചുകൊണ്ട് മനസ്സിനെ ശാന്തമാക്കാനും ആത്മീയാനുഭവം നുകരാനും സാധാരണ മനുഷ്യർക്ക് കഴിയുമോ? ശരീര-മനഃ-ആത്മസംഘാതമല്ലേ മനുഷ്യർ. നിർജലോപവാസവും ഉപവാസവും അർദ്ധോപവാസവും ജലോപവാസവും ഉത്കൃഷ്ടം തന്നെ. അതിന്റെ ആരംഭവും സമാപനവും അതുപോലെ പ്രധാനവും സൂക്ഷ്മത വേണ്ടതുമാണ്. ഭക്ഷണ, ആരോഗ്യകാര്യമല്ല നോമ്പെന്നറിയാം. എന്നാലും നോമ്പിൽ ആഹരിക്കലുണ്ട്. പൊങ്ങച്ച പ്രഘോഷണങ്ങളുടെ ചതിക്കുഴികളിൽ മുസ്ലീം സുഹൃത്തുക്കൾ വീണുപോകുന്നത് കാണാൻ ഇഷ്ടമല്ലാത്തതിനാൽ ഇത്രയും കുറിക്കുന്നു. ഈദ് ആശംസകൾ.